## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6162 — 02/04/2018-ൽ മറുപടിക്ക്

## വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കിടെ അപകടം

| | ചോദ്യം<br><br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപണികൾക്കിടെ അപകടത്തിൽപെടുന്നവരുടെ എണ്ണം ദിനംപ്രതി വർധിച്ചുവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾക്കിടെ വൈദ്യുതാഘാതമേറ്റുള്ള അത്യാഹിതങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഉണ്ടായിട്ടുള്ള ആകെ വൈദ്യുത അപകടങ്ങളുടെ എണ്ണം 2017 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഉള്ളതിനെക്കാൾ കുറഞ്ഞതായാണ് കാണുന്നത്.<br><br>പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന വൈദ്യുതാഘാതമേറ്റുള്ള അത്യാഹിതങ്ങൾ പൊതുവെ വർദ്ധിച്ചു വരുന്നതായിട്ടാണ് ശ്രദ്ധയിൽപെട്ടിട്ടുള്ളത്. |
| (ബി) | ഇത്തരം അപകടങ്ങളുടെ കാരണമെന്താണെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; നിഷ്പക്ഷമായ അന്വേഷണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ആവശ്യമായ സുരക്ഷാനടപടികൾ പാലിക്കാതിരിക്കുക, സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുക, അശ്രദ്ധ, അലംഭാവം, അറിവില്ലായ്മ, അമിതമായ ആത്മവിശ്വാസം എന്നിവ മൂലമാണ് വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ മിക്കവാറും അപകടങ്ങൾ ഉണ്ടാകുന്നത്. കെ എസ് ഇ ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യുമ്പോൾ അവശ്യം വേണ്ട സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുകയും അവയുടെ ഉപയോഗം പരിശീലിപ്പിക്കുകയും സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷ പരിപാലിക്കുന്നുണ്ടെന്നു ഉറപ്പ് വരുത്താനായി surprise inspection - നുകൾ നടത്തുന്നതിന് വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സുരക്ഷാചുമതലയുള്ള ഉദ്യോഗസ്ഥർ ജോലി സ്ഥലങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തി റിപ്പോർട്ട് നൽകുന്നുണ്ട്. അതനുസരിച്ച് വീഴ്ചവരുത്തുന്നവർക്കെതിരെ കർശ - |

| | | | |
|---|---|---|---|
| | | | നമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. മാരകമായ അപകടങ്ങൾ ഉണ്ടായാൽ ചീഫ് സേഫ്റ്റി കമ്മീഷണർ, കെ എസ് ഇ ബി ലിമിറ്റഡ് പ്രാഥമിക അന്വേഷണം നടത്തി നിഷ്പക്ഷമായ റിപ്പോർട്ട് കെ എസ് ഇ ബോർഡിന് സമർപ്പിക്കുന്നുണ്ട്. കൂടാതെ പ്രസരണ, വിതരണ വിഭാഗം അധികാരികൾ എല്ലാ അപകടങ്ങളിലും മേൽനോട്ട ചുമതലയുള്ളവർക്ക് മെമ്മോ നൽകുകയും വിശദമായ വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട് . |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇപ്രകാരം അപകടത്തിൽപെട്ട് മരിച്ചവരുടെ കുടുംബങ്ങൾക്കും ഗുരുതരമായി പരിക്കേറ്റവർക്കും നഷ്ടപരിഹാരമായി എന്ത് തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധീകാരത്തിൽ വന്നതിനുശേഷം ജോലിക്കിടയിൽ ഉണ്ടായ അപകടങ്ങളിൽപെട്ട് മരിച്ചവരുടെ കുടുംബങ്ങൾക്കും ഗുരുതരമായി പരിക്കേറ്റവർക്കും നൽകിയിട്ടുള്ള നഷ്ടപരിഹാരത്തിന്റേയും ചികിത്സാ ചിലവിന്റേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മരണപ്പെട്ടവരുടെ ആശ്രിതർക്കു നൽകിയ നഷ്ടപരിഹാരം - 91,89,591/- രൂപ.<br>2. അംഗവൈകല്യം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം - 28,737/- രൂപ.<br>3. പരിക്കേറ്റവർക്കുള്ള അർദ്ധമാസിക നഷ്ടപരിഹാരം - 32,400/- രൂപ .<br>4. പരിക്കേറ്റവർക്കുള്ള ചികിത്സാ സഹായം - 66,54,256/- രൂപ |

സെക്ഷൻ ഓഫീസർ